








# സ്പന്ദനം

## ഡിജിറ്റൽ മാസിക

2018 - 19


## സെന്റ്മേരീസ് ഗേൾസ് ഹൈസ്ക്കൂൾ

കായംകുളം





*From The Headmistress Desk*



## <u>ആശംസ</u>

പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെയും, ഹൈടെക്ക് സ്കൂൾ പദ്ധതിയുടെയും ഭാഗമായി കുട്ടികളിൽ ഐ.സി.ടി അധിഷ്ഠിത പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായികൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണിത്.

കാലോചിതമായ ആധുനിക വൽക്കരണം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായിട്ടാണ്, സ്കൂളുകളിൽ ഇന്ന് നടപ്പിലാക്കിയിരിക്കുന്ന ലിറ്റിൽ കൈറ്റ്സ് പദ്ധതി. വിവരവിനിമയ സാങ്കേതിക വിദ്യയിൽ കൂടുതൽ പരിശീലനം നൽകി, കുട്ടികളെ പ്രബുദ്ധരാക്കുക എന്നതാണിതിന്റെ ലക്ഷ്യം.

അനന്തശക്തിയും അനന്തജ്ഞാനവുമുള്ള പ്രപഞ്ചമനസ്സിന്റെ ജീവിതത്തിലെ ഓരോ ദിനവും പുതുമയാർന്നതാണ്. പുതിയ അനുഭവങ്ങളെ, പ്രതീക്ഷകളെ, സ്വപ്നങ്ങളെ, സുന്ദരമാക്കുവാൻ ഇന്റർനെറ്റിനും അതിനോടനുബന്ധമായ ഹൈടെക് സംവിധാനങ്ങൾക്കും കഴിയും.

നക്ഷത്രപഥങ്ങളെണ്ണുന്ന കുഞ്ഞുതലമുറയുടെ വർണ്ണാഭമായ സ്വപ്നങ്ങളെ, ലോകമെങ്ങും പ്രകാശം പരത്താൻ കഴിയുന്ന വർണ്ണരശ്മികളായി മാറ്റാൻ ഈ ഡിജിറ്റൽ മാസികയിലൂടെ ഇടയാക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

അവതരണശൈലികൊണ്ടും, ഉള്ളടക്കം കൊണ്ടും ഏറെ മികവുറ്റ **'സ്പന്ദനം'** ഡിജിറ്റൽ മാസികയുടെ പിന്നിൽ പ്രവർത്തിച്ച അധ്യാപകരെയും വിദ്യാർത്ഥികളെയും അഭിനന്ദിച്ചുകൊള്ളുന്നു. എല്ലാ വിധ ആശംസകളും നേർന്നുകൊണ്ട്...........

**SISTER POORNIMA**
*SCHOOL HEADMISTRESS*



# ആശംസ

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളിൽ രൂപീകൃതമാക്കുന്ന 'ലിറ്റിൽ കൈറ്റ്സ് ' ഐ.ടി ക്ലബുകൾ രൂപീകരിക്കാൻ 1955 സ്കൂളുകൾക്ക് കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) അംഗീകാരം നൽകി.

ഹാർഡ്‌വെയർ, ആനിമേഷൻ, ഇലക്ട്രോണിക്സ്, സൈബർ സുരക്ഷ, മലയാളം കമ്പ്യൂട്ടിംഗ്, മൊബൈൽ ആപ് നിർമ്മാണം, പ്രോഗ്രാമിങ്, റോബോട്ടിക്സ്, ഇ-ഗവേണൻസ്, വെബ് ടിവി തുടങ്ങിയ മേഖലകളിൽ കുട്ടികൾക്ക് പ്രത്യേക വൈദഗ്ദ്ധ്യം നൽകുന്നതാണ് 'ലിറ്റിൽ കൈറ്റ്സ് ' പദ്ധതി.

കുട്ടികളുടെ ചിന്തയെ കൂടുതൽ ഉണർത്താൻ ഈ സംരംഭം കൊണ്ട് സാധിക്കുന്നു. ടെക്നോളജികളുടെ ഇന്നത്തെ തലമുറയിൽ കുട്ടികളിലേക്ക് കൂടുതൽ അറിവ് നൽകാനും അത് മറ്റുള്ളവരിലേക്ക് എത്തിക്കാനും ഈ പദ്ധതി സഹായകരമാകുന്നു.

**'സ്പന്ദനം'** ഡിജിറ്റൽ മാസികയുടെ പിന്നിൽ പ്രവർത്തിച്ച അദ്ധ്യാപകരെയും വിദ്യാർത്ഥികളെയും അഭിനന്ദിച്ചുകൊള്ളുന്നു. എല്ലാ വിധ ആശംസകളും നേർന്നു കൊണ്ട്...........

MOLYKUTTY. M

(LITTLE KITE MISTRESS)




# ആശാൻ മലയാളത്തിന്റെ മഹാകവി

മലയാളികൾക്ക് മറക്കാൻ കഴിയാത്ത മഹാകവിയാണ് കുമാരനാശാൻ. വള്ളത്തോളും ഉള്ളൂരുമൊക്കെ മഹാകവികൾ ആയിരു- ന്നെങ്കിലും ഉത്തുംഗമായ കാവ്യകലാ- സൗന്ദര്യം നമുക്ക് അനുഭവവേദ്യമാക്കിയ മറ്റൊരു മഹാകവി ഇല്ല. മഹാകാവ്യ- മെഴുതാതെ മഹാകവിയാകാമെന്നു അദ്ദേഹം കാണിച്ചുതന്നു.

മാറ്റത്തിനു വേണ്ടി തൂലികയെ പടവാളാക്കിയ അദ്ദേഹം വിപ്ലവത്തിന്റെ ശുക്രനക്ഷത്രം എന്ന് പ്രൊഫസർ ജോസഫ് മുണ്ടശ്ശേരി വിശേഷിപ്പിക്കുക ഉണ്ടായി.

വീണപൂവ്, നളിനി, ദുരവസ്ഥ, കരുണ, ചിന്താവിഷ്ടയായ സീത, ചണ്ഡാലഭിക്ഷുകി, ലീല തുടങ്ങിയവയാണ് അദ്ദേഹത്തിന്റെ പ്രധാനകൃതികൾ.

നാടകീയാവിഷ്കരണമാണ് ആശാൻ കവിതയുടെ പ്രത്യേകതയിൽ പ്രധാനം. ഈ ആവിഷ്കരണ സംവിധാനം അനുവാചകനെ ജീവിതത്തിന്റെ സമ്പന്നമായ ശാദ്വലഭൂമിയിലേക്ക് ആനയിച്ചു കൊണ്ടുപോകുന്നു. നമ്മുടെ ഹൃദയത്തെ ചലിപ്പിക്കുകയും, ആസ്വദിപ്പിക്കുകയും ചെയ്യുന്ന അദ്ദേഹത്തിന്റെ കഥനരീതി.

തികഞ്ഞ യാഥാർത്ഥ്യ- ബോധത്തോടെയുള്ള വർണ്ണനകൾ ആ കവിതയുടെ കാന്തി വർദ്ധിപ്പിക്കുന്നു. അനുഭവങ്ങളോടുള്ള അടുപ്പം ആശാൻ കൃതികളിലുടനീളം കാണാം. ആശാന്റെ റിയലിസം, എന്നും അനുഭവവേദ്യമായ മട്ടിൽ വർണ്ണിക്കുക എന്നുള്ളതാണ്.

പ്രകൃതി അന്തർമുഖമായി നിരീക്ഷണം ചെയ്യുന്ന ഒരു മഹാകവിയാണ് കുമാരനാശാൻ. ഇദ്ദേഹത്തിന്റെ മനോധർമ്മവിലാസവും, ഭാവനാശക്തിയും, ഔചിത്യബോധും ആ നിരീക്ഷണങ്ങളിൽ ഒളിച്ചുകാണാം. അനതിദീർഘങ്ങളും അകൃത്രിമ രമണീയങ്ങളുമാണവ:-

*ചിന്നുന്നവെൺക്കതിർ തൂവിയോരന്തിയിൽ*

*കന്നിയിളം തിങ്കൾ പൊങ്ങിനിന്നു.*

*പശ്ചിമ ദിക്കിന്റെ നെറ്റിയിൽ മാലേയ-*

*ക്കൊച്ചു തിലകത്തിൽ കീറുപോലെ."*

എന്തു ചമത്കാരജനകമായിരിക്കുന്നു ഈ ചന്ദ്രോദയ വർണ്ണനം. കവിയുടെ പ്രകൃതി അനന്യസാധാരണമാണ്.

സ്നേഹഗായകനാണ് ആശാൻ. ***"സ്നേഹമാണഖിലസാരമൂഴിയിൽ***"എന്ന ദിവ്യതത്ത്വം മലയാളികളുടെ മനസ്സിൽ പതിപ്പിച്ചത് കുമാരനാശാൻ ആണ്. ആശാന്റെ ആത്മസിദ്ധാന്തം ആത്മനിഷ്ഠയാണ്, ത്യാഗപൂർണ്ണമാണ്.

*സ്നേഹത്തിൽ നിന്നുദിക്കുന്നു ലോകം*

*സ്നേഹത്താൽ വൃദ്ധിനേടുന്നു*

*സ്നേഹം താൻ ശക്തി ജഗത്തിൽ- സ്വയം*

*സ്നേഹം താനാനന്ദമാർക്കും*

*സ്നേഹം താൻ ജീവിതം ശ്രീമൻസ്നേഹ*

*വ്യാഹതി തന്നെ മരണം.*



എന്ന് ആശാൻ പാടി. അലൗലിക സ്നേഹം കൊണ്ട് വിഭന്ന ചിത്തവൃത്തികളായ മനുഷ്യരെ അദ്ദേഹം കോർത്തിണക്കുന്നു.

മനുഷ്യ ജീവിതത്തിന്റെ ആഴവും പരപ്പും ശരിക്കും കണ്ടറിഞ്ഞ് അദ്ദേഹം ഒരു ജീവിത നിരൂപകൻ കൂടിയാണ്.

# മുയലിന്റെ ബുദ്ധി

ഒരു വീട്ടിൽ അമ്മ കുറുക്കനും , നാല് മക്കളും ഉണ്ടായിരുന്നു. ഒരു ദിവസം അവിടെ ഒരു മുയൽ വന്നു. അതുകണ്ട അമ്മ കുറുക്കൻ അതിന്റെ കുട്ടികളോട് പറഞ്ഞു. *"തടിച്ച് കൊഴുത്ത ഒരു മുയൽ വരുന്നുണ്ട്, നമുക്ക് അതിനെ പിടിച്ച് കൂട്ടിലാക്കണം".* ഓ.. ശരി.. അമ്മേ.... കുറുക്കൻകുട്ടികൾ മറുപടി പറഞ്ഞു.

അപ്പോൾ അമ്മക്കുറുക്കൻ സാവധാനം പുറത്തോട്ടിറങ്ങി. അവർ സൂത്രത്തിൽ മുയലിനെ പിടിച്ച് കൂട്ടിലാക്കി, എന്നിട്ട പറഞ്ഞു, "നിന്നെ ഞങ്ങൾ കൊല്ലാൻ പോകുകയാണ്." മുയൽ പേടിച്ചുവിറച്ചു..... അപ്പോൾ മുയലിന് ഒരു ബുദ്ധി തോന്നി......

ഒരു സൂത്രം പ്രയോഗിച്ചു നോക്കാം. മുയൽ കുറുക്കൻകുട്ടികളോട് പറഞ്ഞു. എന്നെ തിന്നിട്ട് ഒരു കാര്യവുമില്ല. എനിക്ക് ശക്തിയില്ല. എനിക്കു ശക്തി കിട്ടണമെങ്കിൽ സൂര്യപ്രകാശം വേണം. വേഗം ആ വാതിൽ തുറന്നിട്ടു. മന്ദബുദ്ധികളായ കുറുക്കൻകുട്ടികൾ വാതിൽ തുറന്നു.

ഈ സമയം മുയൽ സ്വയം തന്റെ രോമം പറിച്ചെടുത്ത് പുറത്തെറിഞ്ഞു. എന്നിട്ടു പറഞ്ഞു എനിക്ക് പൂടയില്ലെങ്കിൽ എന്നെ തിന്നുന്നവർ ചത്തു പോകും. കുറുക്കൻകുട്ടികളുടെ സമ്മതത്തോടെ പൂടയെടുക്കാൻ പുറത്തിറങ്ങിയ മുയൽ പുറത്തേക്ക് ഓടി രക്ഷപെട്ടു. ......



ഇതിൽ അതിൽ നിന്ന് അവർ ഒരു പാഠം പഠിച്ചു. ആരെങ്കിലും നടക്കാത്ത കാര്യങ്ങൾ പറഞ്ഞാൽ വിശ്വസിക്കരുത്...............!!



## മടിയൻ പൂച്ച

കേശുവിന്റെ പൂച്ച
മീശക്കാരൻ പൂച്ച
വാശിയുള്ള പൂച്ച
ദേഷ്യക്കാരൻ പൂച്ച

എലിയെ മുന്നിൽ കണ്ടാൽ
കണ്ണടക്കും പൂച്ച
ചോറ് മുന്നിൽ വന്നാൽ
വേഗം തിന്നും പൂച്ച



കേശുവിന്റെ പൂച്ച
മീശക്കാരൻ പൂച്ച
തടിയനായ പൂച്ച
മടിയനായ പൂച്ച

BY

**GENY STEPHEN**

X A

## മരം ഒരു വരം



മരം ഒരു വരം.

മരം നശിപ്പിക്കരുത്.

മരം നടുക.

പച്ച നിറയ്ക്കു.........

ജീവൻ രക്ഷിക്കു.......

ഭൂമിയെ രക്ഷിക്കു....

ഭാവിതലമുറയ്ക്കു വേണ്ടി...........

# കാക്കയുടെ കൗശലം



ഒരു മരത്തിൽ രണ്ടു കാക്കകൾ കൂടുകൂട്ടി താമസിച്ചിരുന്നു. മരത്തിന്റെ ചുവട്ടിലായി ഒരു മാളത്തിൽ ഒരു പാമ്പും താമസിച്ചിരുന്നു. വെറും പാമ്പല്ല, ഒരു വിഷസർപ്പം. പെൺകാക്ക മുട്ടയിടും, പക്ഷേ ഈ സർപ്പം മരത്തിൽക്കയറി മുട്ടകളെല്ലാം തിന്നുകളയും. അതുകൊണ്ട് മുട്ടകളൊന്നും വിരിഞ്ഞില്ല. പാവം കാക്കകൾ എന്തുചെയ്യാനാണ്....

സർപ്പത്തെ ഓടിക്കാൻ അവർ ശ്രമിച്ചപ്പോളൊക്കെ അവൻ പത്തിവിടർത്തി അവരെ കൊത്താനോങ്ങി. പാമ്പിന്റെ ശല്യം സഹിക്കാൻ വയ്യാതെ കാക്കകൾ വിഷമിച്ചു. ഈ ശല്യം അവസാനിപ്പിക്കുവാൻ ഒരു മാർഗ്ഗം അവർ ആലോചിച്ചു.....

ഒരു ദിവസം അടുത്തുള്ള വീട്ടിലെ കുട്ടി മുറ്റത്ത് കളിച്ചു കൊണ്ടിരിക്കുകയായിരുന്നു അവളുടെ കഴുത്തിൽ ഒരു സ്വർണ്ണമാലയുണ്ടായിരുന്നു. പെട്ടെന്ന് ആ മാല ഊരി താഴെവീണുപോയി. പെൺകാക്ക ഇതുകണ്ടു.

കാക്കയ്ക്ക് ഒരു ബുദ്ധി തോന്നി. കാക്ക പറന്നു ചെന്നു മാല കൊത്തിയെടുത്തു-കൊണ്ട് ഒറ്റ പറക്കൽ.. കുട്ടി ഉറക്കെ കരഞ്ഞു. അതുകേട്ട് പറമ്പിൽ പണിയെടുത്തു-കൊണ്ടിരിക്കുകയായിരുന്ന അവളുടെ അച്ഛൻ ഓടി വന്നു. കാക്ക മാലയുമായി തങ്ങളുടെ കൂടിരിക്കുന്ന മരത്തിലേക്ക് പറന്നു പോയി. ഒരു വടിയും കൈയ്യിലെടുത്തുകൊണ്ട് അയാളും പിറകേ ഓടി. കാക്ക പറന്നു ചെന്ന് മാല പാമ്പിൻെറ മാളത്തിൽ കൊണ്ടുപോയി ഇട്ടു, എന്നിട്ട് മരത്തിൽ പോയി ഇരുന്നു.

കുട്ടിയുടെ അച്ഛൻ ഓടിയെത്തി മാളത്തിൽ കുത്തി. സർപ്പം പുറത്തുവന്നു. പത്തി വിടർത്തി ചീറ്റിക്കൊണ്ട് അത് അയാളെ കൊത്താനായി ഓടിവന്നു. കുട്ടിയുടെ അച്ഛൻ പാമ്പിനെ തല്ലിക്കൊന്നു. മാലയും എടുത്തു കൊണ്ട് വീട്ടിലേക്ക് പോയി. ....



കാക്കകൾ സന്തോഷത്താൽ കാ..... കാ..... എന്ന് ഉറക്കെ കരഞ്ഞു. അവരോടൊപ്പം സന്തോഷിക്കാൻ മറ്റു കാക്കകളും അവിടെ വന്നു ചേർന്നു. ബുദ്ധി ഉപയോഗിച്ചാൽ ഏത് ആപത്തുകളിൽ നിന്നും രക്ഷപ്പെടാൻ സാധിക്കും. പ്രയാസകരമായ സാഹചര്യങ്ങൾ വരുമ്പോൾ അതിനെ നോക്കി ഭയപ്പെടാതെ ബുദ്ധി ഉപയോഗിച്ച് അതിനെ നേരിടുവാൻ പഠിക്കുക....

Devu Suresh



# അമ്മ

അമ്മതൻ ലോകം
എൻ അമ്മതൻ ലോകം
സുന്ദരമാം എൻ അമ്മതൻ ലോകം
എൻ അമ്മതൻ ലോകം.

മാതാ പിതാ ഗുരു ദൈവം എന്ന വജനം
ചൊല്ലുക നാം ചൊല്ലുക നാം
അമ്മതൻ സങ്കടം ആരോടും
പറയാതെ
ഉള്ളിൽ ഒതുക്കമെൻ അമ്മ തൻ ലോകം.

എൻ അമ്മതൻ ലോകം
എന്നെ വളർത്തിയതമ്മ
എന്നെ ഉയർത്തിയതും അമ്മ
എന്റെ സുന്ദരിയമ്മ.

എൻ ലോകമാണ് അമ്മ
കണ്ണീർ കായലിൽ
കണ്ണുനീർ ചാലിച്ച
എൻ അമ്മതൻ ലോകം
എൻെറ തെറ്റുകൾ മാറ്റി
നല്ല വഴി കാട്ടിടും
എൻ അമ്മ തൻ ലോകം



*ഹർഷ തമ്പാൻ*
6.E

# ലോകമേ കേൾക്കു

ആരെയോ നോക്കി മിഴിനീർവാർത്തു നീ
അരും സഹായത്തിനെത്തിയില്ലേ?
കാപാലികൾ പിച്ചിച്ചീന്തിയ വേളയിൽ
നിന്നാർത്തനാദം കേട്ടതില്ല.

പ്രകൃതിയും കാലവും ഭൂമിയും
നിന്നൊച്ചയൊട്ടും കേട്ടതില്ല.
കരൾപിടയുന്ന വേനയിൽ
കാലിട്ടടിച്ചതല്ലാതൊരു രക്ഷയില്ല.



ഹൃദയം നുറുങ്ങുന്ന വേദനകൾ
കടിച്ചമർത്തി കണ്ണടച്ചു.
ആശുപത്രി കിടക്കയിൽ ജീവനോടു
മല്ലിട്ടു വീണ്ടും മണിക്കുറുകൾ.

പിന്നീടാ, വേദന വെറുതയായി
ലോകമേ, ഇനിമേൽ ഒരാൾക്കും
ഈവിധി നിശ്ചയിക്കപ്പെടരുതേ........
പ്രാർത്ഥനകൾ വിഫലമായി.

നരാധമന്മാർ ലോകം കീഴടക്കി.
നിസ്സഹായതയുടെ കണ്ണുനീർമാത്രം....

**Chaithanya P Santhosh**
6 D

# ആരാണ് സുന്ദരി




ഗംഗയും, യമുനയും ഒന്നു ചേരുന്ന ഭാഗത്തുവച്ച് രണ്ടു പെൺമീനുകൾ പരസ്പരം കണ്ടുമുട്ടി. ഗംഗയിലെ മീനും, യമുനയിലെ മീനും.

ഗംഗയിലെ മീൻ പറഞ്ഞു. നോക്കു ഞാനാണ് സുന്ദരി.

അതുകേട്ട യമുനയിലെ മീൻ പറഞ്ഞു. അല്ലല്ല!.. ഞാനാണ് സുന്ദരി.

അവർ തമ്മിൽ തർക്കമായി. എന്റെ നിറം കണ്ടോ?.. നല്ല വെളുപ്പ്. ഗംഗയിലെ മീൻ പറഞ്ഞു.

വെളുപ്പിനേക്കാൾ നല്ലതാണ് എന്റെ എണ്ണക്കറുപ്പ്. യമുനയിലെ മീൻ പറഞ്ഞു. എന്റെ ചിറകിന്റെ വലിപ്പം കണ്ടോ?.. എന്റെ ചിറകിന്റെ മിനുപ്പ് കണ്ടോ?.. തർക്കം കൂടിയതേയുള്ളൂ..

അടിപിടിയായി..

വെള്ളത്തിൽ മീനുകൾ ഇളകുന്നതുകണ്ട് മണൽപ്പുറത്തു കിടന്നിരുന്ന മുതല തീരത്തേക്കു വന്നു. മുതലയെ കണ്ടപ്പോൾ ഒരു മീൻ പറഞ്ഞു. എന്തിനാ നമ്മൾ തമ്മിൽ തർക്കിക്കുന്നത്. നമുക്ക് ആ മുതലയോടു ചോദിക്കാം ആരാണ് സുന്ദരിയെന്ന്?.. മറ്റേ സുന്ദരിക്കും സമ്മതമായി. അവർ മുതലയുടെ അടുത്തെത്തി.

ഞാനല്ലേ സുന്ദരി?... ഗംഗയിലെ മീൻ ചോദിച്ചു. ഉം.... മുതല ഒന്നു മൂളി.

ഞാനല്ലേ കൂടുതൽ സുന്ദരി?.. യമുനയിലെ മീൻ ചോദ്യം ഉന്നയിച്ചു.


മുതല അതിനും ഒന്നു മൂളി. എന്നിട്ടു പറഞ്ഞു. സുന്ദരി രണ്ടുപേരുമല്ല. ഞാനാണ് സുന്ദരി. എന്റെ നീണ്ട കഴുത്ത് കണ്ടില്ലേ. ചന്തം തികഞ്ഞ വാലു കണ്ടില്ലേ. മുല്ലപ്പൂപോലെ സുന്ദരമായ എന്റെ പല്ലുകൾ കണ്ടില്ലേ?.. പിന്നെ



എന്റെ വായ.................. എന്നു പറയുന്നതിനിടയിൽ പെട്ടെന്ന് വായ് പൊളിച്ച് ആ മീനുകളെ രണ്ടിനേയും മുതല തന്റെ വയറ്റിലാക്കി.

അങ്ങനെ സുന്ദരിമാരുടെ തർക്കവും തീർന്നു.

# <u>ചെല്ലക്കാറ്റ്</u>



വായോ വായോ ചെല്ലക്കാറ്റേ

മഞ്ചാടിക്കുന്നിലെ പൂങ്കാറ്റേ

കുളിരും കൊണ്ടോ നിൻ വരവ്!

കുഴൽ വിളിയുണ്ടോ പിന്നാലെ!

ഇതിലെ ഇതിലെ വാവാ കാറ്റേ

ഇത്തിരി നേരം ഇതുവഴി വാ...

ചക്കര മാവ് കുലുക്കി താ..

ചക്കര മാങ്ങ വീഴ്ത്തി താ..



# എന്റെ രാജ്യം




ഇന്ത്യയാണ്, ഇന്ത്യയാണ് എന്റെ രാജ്യം

നമ്മൾ ഇന്ത്യക്കാരെല്ലാം സോദരൻമാർ

ഹിന്ദുവും മുസൽമാനും ക്രൈസ്തവനും

ബന്ധുര സോദര സൗഗന്ധികങ്ങൾ

പലതരം ഭാഷകൾ പലതരം വേഷങ്ങൾ


പക്ഷെ മാനവരെല്ലാവരും ഒന്നുമാത്രം

പ്രകൃതി സൗന്ദര്യത്തിൽ സ്വന്തം നാട്

ദൈവാനുഗ്രഹത്താൽ പുണ്യ ഭൂമിയായ് മാറിയ

എന്റെ രാജ്യമാണല്ലോ പൊൻ നാട്

ഇന്ത്യയാണ് ഇന്ത്യയാണ് എന്റെ നാട്.



# മനുഷ്യമനസ്സുകളിൽ മരിക്കുന്ന വായനാശീലം

ആധുനിക ലോകത്തിൽ മനുഷ്യന്റെ ജീവിതത്തിലെ സൗകര്യങ്ങൾ അതിന്റെ ഉന്നതിയിൽ എത്തുന്നതിനനുസരിച്ച് അവർക്ക് വായന, രചന തുടങ്ങിയ നല്ല കാര്യങ്ങളിലുള്ള ശ്രദ്ധ കുറഞ്ഞുവരികയാണ്. ശാസ്ത്രത്തിന്റെ പുരോഗതിക്കനുസരിച്ച് പുതിയ യന്ത്രങ്ങൾ കണ്ടുപിടിക്കുന്തോറും ജോലിസാദ്ധ്യതകൾ കുറഞ്ഞു വരുന്നതിനാൽ ലോകപരിജ്ഞാനം ഉള്ളവർക്ക് മാത്രമേ ജീവിതം മെച്ചപ്പെട്ട രീതിയിൽ മുന്നോട്ട് കൊണ്ടുപോകാൻ സാദ്ധ്യമാവുകയൊള്ളൂ. അതിന് വായന അത്യന്താപേക്ഷിതമാണ് എന്ന സത്യം മനുഷ്യൻ മറക്കുന്നു എന്നതാണ് വാസ്തവം.

വായന ക്രിയാത്മകമായ ഒരു പ്രവർത്തിയാണ്, എന്നാലിത് വേണ്ടവിധത്തിൽ പ്രയോജനപ്പെടുത്തുവാൻ ഇളംതലമുറ സമയം കണ്ടെത്തുന്നില്ല. അതിനുപകരം അവർ ടി.വി യുടെയും, കമ്പ്യൂട്ടറുകളുടെയും, മൊബൈലിന്റെയും മുൻപിൽ വിലപ്പെട്ട സമയം പാഴാക്കുന്നു. ഫലമോ നല്ല ശീലങ്ങൾ ഇന്നത്തെ തലമുറയിൽ നിന്ന് അന്യമായിക്കൊണ്ടിരിക്കുന്നു.

ഒരു നാണയത്തിന്റെ രണ്ടു വശങ്ങൾപോലെ ഗുണദോഷസമ്മിശ്രങ്ങളാണ് ടി.വി, കമ്പ്യൂട്ടർ, മൊബൈൽ തുടങ്ങിയ മാധ്യമങ്ങൾ. എങ്കിലും ഇവയിലെ നല്ല അംശങ്ങൾ തിരഞ്ഞെടുക്കുകയും, അതോടൊപ്പം വായനയ്ക്ക് സമയം കണ്ടെത്തുകയും ചെയ്യുവാൻ കുട്ടികളെ പ്രോൽസാഹിപ്പിക്കേണ്ടത് മുതിർന്നവരുടെ ഉത്തരവാദിത്തമാണ്. അങ്ങനെ വായനയിലൂടെ വളരുന്ന തലമുറ തീർച്ചയായും ഒരു നല്ല രാഷ്ട്രം കെട്ടിപ്പടുത്തുന്നതിൽ പരാജയപ്പെടുകയില്ല.



മനുഷ്യമനസ്സുകളിൽ മരിച്ചു കൊണ്ടിരിക്കുന്ന വായനാശീലത്തിന് പുനർജന്മം നൽകേണ്ടത് നമ്മിൽ ഓരോരുത്തരുടേയും കടമയാണ് എന്ന വസ്തുത നാം വിസ്മരിക്കരുത്. .!

# സ്വാമി വിവേകാനന്ദൻ



വേദാന്ത തത്ത്വശാസ്ത്രത്തിന്റെ ആധുനിക കാലത്തെ ഏറ്റവും ശക്തനായ വക്താവും ഇന്ത്യയിലെ-മ്പാടും സ്വാധീനമറിയിച്ച ആത്മീയ ഗുരുവുമായിരുന്നു സ്വാമി വിവേകാനന്ദൻ. രാമകൃഷ്ണ പരമഹംസന്റെ പ്രധാന ശിഷ്യനും രാമകൃഷ്ണ മഠം, രാമകൃഷ്ണ മിഷൻ എന്നിവയുടെ സ്ഥാപകനുമാണ്.

സന്യാസിയാകുന്നതിനു മുൻമ്പ് നരേന്ദ്രനാഥ് ദത്ത എന്നായിരുന്നു പേര്. ആശയ സമ്പുഷ്ടമായ പ്രസംഗങ്ങൾകൊണ്ടും ഭയരഹിത-മായ പ്രബോധനങ്ങൾകൊണ്ടും ഇന്ത്യയിലെമ്പാടും അനുയായികളെ സൃഷ്ടിച്ചെടുക്കാൻ സ്വാമി വിവേകാന-ന്ദനു സാധിച്ചു. സ്വാമി വിവേകാന-ന്ദന്റെ ജന്മദിവസമായ ജനുവരി 12 ദേശിയ യുവജന ദിനമായി ആഘോഷിക്കുന്നു.

ആഷ്മാ നസ്റിൻ. എസ്
X : E

# പ്രളയം



ഖേദിക്കുന്നു ഞാൻ പ്രകൃതിയോട്

ഖേദിക്കുന്നു ഞാൻ ഓരോ

പുൽത്തകിടിനോടും

ഞാൻ കൂടി കാരണമാകുന്ന

ക്രൂരകൃത്യങ്ങളുടെ

വേദനയനുഭവിക്കുന്ന നിങ്ങൾ

ഞാൻ ഖേദിക്കുന്നു പുഴകളോട്

ഞാൻ ഖേദിക്കുന്നു ഓരോ


വെള്ളത്തുള്ളികളോടും....



# അക്ഷരംപ്രതി

മഹാപണ്ഡിതനായിരുന്നു മകുടാനന്ദ മുനി. പക്ഷെ അദ്ദേഹത്തിന്റെ ശിഷ്യൻമാരോ മരമണ്ടൻമാരും.

ഒരിക്കൽ മകുടാനന്ദനും ശിഷ്യൻമാരും ഒരു കാളവണ്ടിയിൽ പട്ടണത്തിലേക്ക് പോകുകയായിരുന്നു. കുറെ ചെന്നപ്പോൾ മുനി ഉറക്കമായി. കാറ്റത്ത് അദ്ദേഹത്തിന്റെ തോളിൽ കിടന്ന രണ്ടാംമുണ്ട് പറന്ന് പോയി. ഉറക്കമുണർന്നപ്പോഴാണ് മുനി സംഗതി അറിഞ്ഞത്.



അദ്ദേഹം ദ്വേഷ്യപ്പെട്ട് ശിഷ്വൻമാരോട്ട ചോദിച്ചു, എന്റെ തോളിൽ കിടന്ന മുണ്ട് പറന്നുപോകുന്നതു കണ്ടിട്ടും വണ്ടി നിർത്തി നിങ്ങൾ അത് എടുക്കാതിരുന്നതെന്തുകൊണ്ടാണ്?...

ഗുരോ അതെടുക്കണമെന്ന് ഞങ്ങൾക്കറിയില്ലായിരുന്നു, ശിഷ്യൻമാർ പറഞ്ഞു. ഇനി എന്തു താഴെ വീണാലും വണ്ടി നിർത്തി അതെടുത്തു വയ്ക്കണമെന്ന് ഗുരു പറഞ്ഞു മനസ്സിലാക്കിക്കൊടുത്തു. ശരി ഗുരോ... ശിഷ്യൻമാർ സമ്മതിച്ചു.

ഗുരു വീണ്ടും ഉറക്കമായി. കുറച്ച് കഴിഞ്ഞപ്പോൾ അദ്ദേഹം ഞെട്ടിയുണർന്നു, എന്താ.... ഒരു വല്ലാത്ത നാറ്റം?... മുനി മൂക്കു പൊത്തി ചോദിച്ചു. ഈ ചാണകത്തിന്റേതാണോ ഗുരോ?.. ഒരു ശിഷ്യൻ പറഞ്ഞു.

ങെ?.. ചാണകമോ?... ഇതെവിടുന്നു വന്നു?.. മുനിക്ക് കലി കയറി....

എന്തു താഴെപ്പോയാലും എടുത്തു വണ്ടിയിൽ വയ്ക്കണമെന്ന് അങ്ങ് പറഞ്ഞില്ലേ... കുറച്ച് മുൻപ് വണ്ടിക്കാളകൾ ചാണകമിട്ടു. ഞങ്ങൾ വണ്ടി നിർത്തി. അതെടുത്ത് വച്ചു, ശിഷ്യൻമാർ പറഞ്ഞു.

ഹോ!!.. ഈ മണ്ടൻമാരേക്കൊണ്ടു തോറ്റു.... എന്നു പറഞ്ഞുകൊണ്ട് അദ്ദേഹം ചാണകം തട്ടിക്കളഞ്ഞു.

ഇനിമുതൽ താഴെ വീഴുന്നതെല്ലാം എടുക്കേണ്ട, താഴേ വീണാൽ എടുത്തുവയ്ക്കേണ്ട സാധനങ്ങൾ ഞാൻ കുറിച്ച് തരാം. അദ്ദേഹം ആ കുറപ്പ് തന്റെ പ്രധാന ശിഷ്യനെ എല്പിച്ചു. വൈകാതെ മകുടാനന്ദമുനി കൂർക്കം വലിച്ചുറക്കമായി. കുറച്ചുദൂരം ചെന്നപ്പോൾ വണ്ടിയുടെ ചക്രങ്ങൾ ഒരു കുഴിയിൽ ചാടി. ഉറക്കത്തിലായിരുന്ന മുനി തെറിച്ചു വീണു.



അയ്യോ!!... വണ്ടി നിർത്തണേ.. ... ഗുരു വീണടത്തു കിടന്നു വിളിച്ചു പറഞ്ഞു. പക്ഷെ ശിഷ്യൻമാർ വണ്ടി നിർത്തിയില്ല. പോകുന്ന പോക്കിൽ ഇങ്ങനെ വിളിച്ച് പറഞ്ഞു, അങ്ങയുടെ പേര് ഈ കുറിപ്പിൽ ഇല്ല......................... ഇത്ര മരമണ്ടൻമാരാണല്ലോ തന്റെ ശിഷ്യന്മാരെന്നോർത്ത് ഗുരു തലയിൽ കൈവച്ചിരുന്നുപോയി.



# നിന്റെ കൈകളിൽ

സനാതന പ്രേമത്തിന്റെ ചൈതന്യമേ

എന്റെ ഉൾത്തടത്തിലെ ഇരുൾ പാളികളെ

തുത്തുമാറ്റുന്ന  സാന്ത്വന പ്രകാശമാണു നീ

മാതൃവാത്സല്യമുറ്റ നിന്റെ കരങ്ങൾ

എന്നെ വഴി നടത്തുന്നു.

നിന്റെ കൈകളിൽ നിന്നു പിടിവിട്ടാൽ

ഒരടിപോലും ഞാൻ ശക്തയല്ല.

എന്നെ വലയം ചെയ്യുന്ന,

എന്നിൽ നിറയുന്ന ആകാശമാണു നീ.

ഇല്ലായ്മയിൽ നിന്ന് ഉണ്മയിലേക്ക് നീ

എന്നെ ഉണർത്തി

എന്നെക്കാളേറെ എന്നോടു ചേർന്നിരിക്കുന്ന

സാന്നിധ്യമാണു നീ

എന്റെ ഉൾക്കാമ്പിൽ ഉൾചേർന്നിരിക്കുന്ന

ചൈതന്യം.


എങ്കിലും അപ്രാപ്യമായ അനന്തത,

അവാച്യമായ നിഗൂഢത.

[ഏഡിത്ത് സ്റ്റൈൻ]

# കുഞ്ഞിക്കോഴിയുടെ <u>വികൃതി</u>

ഒരിക്കൽ ഒരു കാട്ടിൽ ഒരു അമ്മക്കോഴിയും, കുറെ കോഴികുഞ്ഞുങ്ങളും താമസിച്ചിരുന്നു. ഇതിൽ ഒരു കുഞ്ഞിക്കോഴി ആരെയും അനുസരിക്കാത്ത സ്വഭാവക്കാരിയായിരുന്നു.



കുറച്ചു ദൂരെ കുറെ താറാവുകൾ താമസിച്ചിരുന്നു. അവർ എന്നും അടുത്തുള്ള കുളത്തിൽ നീന്താൻ പോകുമായിരുന്നു. ഇതു കാണുമ്പോൾ കുഞ്ഞിക്കോഴിയുടെ മനസ്സിലും അവരുടെ കൂടെ നീന്താൻ പോയാലോ എന്ന അതിയായ ആഗ്രഹം തോന്നി.

ഒരു ദിവസം തള്ളക്കോഴി തീറ്റതേടി പോയസമയത്ത് കുഞ്ഞിക്കോഴി താറാവുകളുടെ കൂടെ കുളത്തിൽ നീന്താമെന്ന് വിചാരിച്ചു. കുഞ്ഞിക്കോഴി കുളത്തിലേക്ക് ചാടി. കുഞ്ഞിക്കോഴി കുളത്തിൽ ചാടിയപ്പോഴാണ് തനിക്ക് താറാവുകളെപ്പോലെ ഒരിക്കലും നീന്താൻ സാധിക്കുകയില്ല എന്ന് മനസ്സിലായത്. വെള്ളത്തിൽ താണുപോകുമെന്ന് മനസ്സിലായപ്പോൾ കുഞ്ഞിക്കോഴി ഉറക്കെ നിലവിളിച്ചു. നിലവിളികേട്ട് ഓടിയെത്തിയ താറാവുകൾ കുഞ്ഞിക്കോഴിയെ രക്ഷിച്ചു.

ഇതു കണ്ടുകൊണ്ട് വന്ന തള്ളക്കോഴി കുഞ്ഞിക്കോഴിയെ ചേർത്ത് നിർത്തിയിട്ട് പറഞ്ഞു, “അമ്മ പറയുന്നത് അനുസരിച്ചിരുന്നെങ്കിൽ ഇങ്ങനെയൊക്കെ സംഭവിക്കുമായിരുന്നോ ...?”.




കുഞ്ഞിക്കോഴിക്ക് തന്റെ തെറ്റുകൾ മനസ്സിലായി. ഇനിയൊരിക്കലും അമ്മ പറയുന്നത് കേൾക്കാതിരിക്കുകയില്ലെന്ന് കുഞ്ഞിക്കോഴി അമ്മയോട് പറഞ്ഞു. ഇതുകേട്ട് അമ്മക്കോഴിക്ക് സന്തോഷമായി....



# കുരുവിയുടെ വീട്

ഒരിടത്ത് ഒരു ഗ്രമത്തിൽ അപ്പു എന്നുപേരുള്ള മഹാ വികൃതിയായിരുന്ന ഒരു കുട്ടിയുണ്ടായിരുന്നു. അച്ഛനും, അമ്മയും എത്ര ഉപദേശിച്ചിട്ടും അതൊന്നും അവൻ ചെവിക്കൊണ്ടില്ല. ഒരു ദിവസം അടുത്തുള്ള പുളിമരത്തിൽ ഒരു അമ്മക്കുരുവിയും, രണ്ട് കുഞ്ഞുങ്ങളും എവിടെ നിന്നോ എത്തപ്പെട്ടു. അമ്മക്കുരുവി ദൂരസ്ഥലങ്ങളിൽ മരച്ചില്ലകളും മറ്റും കൊണ്ടുവന്ന് ഒരു കൂടുണ്ടാക്കി അതിൽ താമസമാക്കി.



എന്നാൽ ഒരു ദിവസം വികൃതിയായ അപ്പു കുരുവിയുണ്ടാക്കിയ കൂട് എറിഞ്ഞ് തകർത്തു. ശക്തമായ മഴ വന്നപ്പോൾ പാവം കുരുവിക്കുഞ്ഞുങ്ങൾ കൂടില്ലാതെ മരക്കൊമ്പിലിരുന്നു കരഞ്ഞു. അവയുടെ കരച്ചിൽകേട്ട് അപ്പു കൈകൊട്ടി ചിരിച്ചു.

അന്ന് രാത്രിയിലെ ശക്തമായ കാറ്റിൽ അപ്പുവിന്റെ വീടിന്റെ മേൽക്കൂര പറന്ന് പോയി. ആ രാത്രി മുഴുവൻ അപ്പുവും, അച്ഛനും, അമ്മയും മഴ നനഞ്ഞിരുന്നു. അപ്പോഴാണ് താൻ ചെയ്ത തെറ്റിനേപ്പറ്റി അവന് ഓർമ്മ വന്നത്. മഴ നനഞ്ഞ് മരത്തിൽ തണുത്ത് വിറച്ചിരിക്കുന്ന അമ്മക്കുരുവിയേയും, അവരുടെ കുഞ്ഞുങ്ങളേയും കുറിച്ചോർത്തപ്പോൾ അവന് കരച്ചിൽ



വന്നു.

പിറ്റേന്ന് അപ്പുവിന്റെ അച്ഛൻ ഓലയും, മുളയുമൊക്കെ കൊണ്ടുവന്ന് പറന്നുപോയ തങ്ങളുടെ വീടിന്റെ മേൽക്കൂര നന്നാക്കിയെടുത്തു. പണികഴിഞ്ഞപ്പോൾ അപ്പു വീടിന്റെ ഒരു മൂലയിൽ കരഞ്ഞുകൊണ്ടിരിക്കുന്ന കാഴ്ചയാണ് അവന്റെ അച്ഛൻ കണ്ടത്. അപ്പു താൻ ചെയ്ത തെറ്റിനെപ്പറ്റി കരഞ്ഞുകൊണ്ട് അച്ഛനോട് പറഞ്ഞു. അപ്പോൾ തന്നെ അപ്പുവും, അച്ഛനും കൂടി പുളിമരത്തിൽ കുരുവിക്കായി മനോഹരമായ ഒരു കൂടുണ്ടാക്കി-ക്കൊടുത്തു. അമ്മക്കുരുവിയ്ക്ക് വളരെ സന്തോഷമായി.

അന്നുതൊട്ട് അപ്പു തന്റെ വികൃതിയെല്ലാം മാറ്റി നല്ല കുട്ടിയായി ജീവിക്കാൻ തീരുമാനിച്ചു. ഒന്നിനേയും ദ്രോഹിക്കുകയില്ലെന്ന് അവൻ സത്യം ചെയ്തു.

## മാമ്പഴം

കുസൃതിക്കാരാ മാമ്പഴമേ
കാറ്റത്താട്ടം മാമ്പഴമേ
എന്തേ കൊമ്പിൽ ചാഞ്ചാട്ടം
എന്താണിങ്ങനെ സന്തോഷം



കുയിലും, കാക്കേം കാണാതെ
കുഞ്ഞണ്ണാന്മാരറിയാതെ
ഇതുവരെയാടിപ്പാടി ഞാൻ
അതു കൊണ്ടാണി സന്തോഷം

## ഏറ്റവും വലിയ തവള

ലോകത്ത് ജീവിച്ചിരിക്കുന്നതിൽ ഏറ്റവും വലിയ തവളയാണ് ഗോലിയാത്ത് ഫ്രോഗ്.



പ്രായപൂർത്തിയായ ഒരു ഗോലിയാത്ത് ഫ്രോഗിന്റെ നീളം 32 സെന്റിമീറ്റർ വരെയാകാം. 3.25 കിലോ ഗ്രാം ഭാരവും.

മധ്യ ആഫ്രിക്കൻ രാജ്യങ്ങളായ കാമറൂണിലും ഇക്വറ്റോറിയയിലുമായി താരതമ്യേന ചെറിയ ആവാസ ശ്രേണിയിലാണ് ഈ തവളാംശം കഴിയുന്നത്.

# പാട്ടുകാരിയെ ഓടിച്ചേ....!



ഒരു ദിവസം ഒരു കുയിൽ മരക്കൊമ്പിലിരുന്നു പാടുകയായിരുന്നു. ചിക്കു എന്ന കാക്ക അതു കേട്ടു. 'ഹയ്യട! എനിക്കും ഇതുപോലെ പാടണം. പക്ഷേ ഈ വേഷത്തിൽ ഞാൻ പാടിയാൽ എല്ലാവരും എന്നെ ഓടിക്കും'.

ചിക്കു അതിനൊരു സൂത്രം കണ്ടുപിടിച്ചു. അവൾ എന്തു ചെയ്തെന്നോ? മയിലിന്റെയും മറ്റും തൂവലുകൾ പെറുക്കിയെടുത്ത് അതെല്ലാം



ദേഹത്തൊട്ടിച്ച് ചായം പൂശി.

അതോടെ ചിക്കുവിനെ കാണാൻ നല്ല ഭംഗിയായി. ചിക്കു വേഗം ഒരു മരക്കൊമ്പിലിരുന്ന് പാടാൻ തുടങ്ങി. “കാ...കാ...കാ... ". ചിക്കുവിന്റെ പാട്ടുകേട്ട് അടുത്ത മരക്കൊമ്പിലിരുന്ന് ഉറങ്ങുകയായിരുന്ന കുഞ്ഞിക്കിളി



ഞെട്ടിയുണർന്ന് കരയാൻ തുടങ്ങി.

ഈ സമയം കുറെ കാക്കകൾ അവിടെയെത്തി. അവർക്ക് ചിക്കുവിനെ മനസ്സിലായി. " ഹും... എന്തിനാ വെറുതെ വേഷം കെട്ടി പാടി ഈ പാവത്തിനെ ഉണർത്തിയത്? ഇനിയും നീ പാടിയാൽ നിന്നെ ഞങ്ങൾ കൊത്തിയോടിക്കും!". അതു കേട്ട ചിക്കു വേഗം അവിടെ നിന്നു പറന്നു പോയി.

# തകർന്ന പാലം

" ഇതുപോലൊരു വെള്ളപ്പൊക്കം എന്റെ ആയുസ്സിൽ വേറെ കണ്ടിട്ടില്ല.... " പഴമക്കാർ പറഞ്ഞു. കാവേരിയിലെ പഴക്കമുള്ള ആ പാലം പുതുക്കി പണിയണമെന്ന് നാട്ടുകാർ അറിയിച്ചെങ്കിലും അതു നന്നാക്കുന്ന കാര്യത്തിൽ യാതൊരു നടപടിയും ഉണ്ടായില്ല.

നല്ല വീതിയുള്ള ആ പാലത്തിന്റെ ഒരു വശത്തായി കാവൽക്കാരൻ ചിന്നപ്പൻ കുടുംബസഹിതം താമസമുണ്ട്. ഈ അതിഭയങ്കരമായ വെള്ളപ്പൊക്കത്തിൽ പാലത്തിന് അപകടമുണ്ടാകുമെന്ന് പലരും മുന്നറിയിപ്പ് കൊടുത്തു. പക്ഷേ ചിന്നപ്പൻ അവിടെ നിന്നു മാറിയില്ല, ശക്തിയായ ഒഴുക്കിൽ പാലത്തിന്റെ തുണുകൾ വീണുപോയി. ചിന്നപ്പന്റെ കൊച്ചുവീടിരിക്കുന്ന ഭാഗം മാത്രം ഇടിഞ്ഞുപോയില്ല. നിമിഷം പ്രതി വർധിക്കുന്ന ഒഴുക്കിൽ അവിടവും തകരും...

ചിന്നപ്പനും, ഭാര്യയും, കുട്ടിയും കരയിൽ എത്തിച്ചേരുവാൻ നിവർത്തിയില്ലാതെ ഉച്ചത്തിൽ നിലവിളിച്ചു. പക്ഷേ ഭയങ്കരമായ ഒഴുക്കിൽ വള്ളമിറക്കി കൊണ്ടുചെന്ന് അവരെ രക്ഷിക്കാൻ ആർക്കും ധൈര്യമില്ല. ഏതുവിധത്തിലെങ്കിലും ചിന്നപ്പനെയും കുടുംബത്തേയും കരയ്ക്കു കൊണ്ടുവരണമെന്ന് പഞ്ചായത്ത് പ്രസിഡന്റ് ജനങ്ങളോടപേക്ഷിച്ചു. ഈ ധീര സേവനത്തിന് സമ്മാനമായി ആയിരം രൂപയും അദ്ദേഹം വാഗ്ദാനം ചെയ്തു. പക്ഷേ ആരും മുന്നോട്ടു വന്നില്ല. അപ്പോഴാണ് പട്ടാളത്തിൽ നിന്ന് ഒരു മാസത്തെ അവധിക്ക് നാട്ടിൽ വന്ന വീരരാജ് എന്ന യുവാവ് സ്ഥലത്തെത്തിയത്. ചിന്നപ്പന്റെയും കുടുംബത്തിന്റെയും ദയനീയസ്ഥിതി കണ്ട് വീരരാജ് ഒരു വഞ്ചിയിൽ കയറി അവരുടെ അടുത്തേക്ക് തുഴഞ്ഞു ചെന്നു. ശക്തിയായ ഒഴുക്കും ഓളവും കൊണ്ട് വളരെ പ്രയാസപ്പെട്ടാണ് പാലത്തിന്റെ തൂണിനടുത്ത് വഞ്ചിയെത്തിയത്. മൂന്നുപേരെയും ഒരുമിച്ച് വഞ്ചിയിൽ കയറ്റുന്നത് അപകടമാണ്. മൂന്നു പ്രാവശ്യമായി മൂന്നുപേരെയും വീരരാജ് കരക്കെത്തിച്ചു കഴിഞ്ഞപ്പോൾ, പാലത്തിന്റെ ശേഷിച്ച തൂണുകൾ രണ്ടും മറിഞ്ഞു വീണു. പഞ്ചായത്ത് പ്രസിഡന്റ് വീരരാജിന് ആയിരംരൂപ കൊടുത്തു. വീരരാജ് അത് നിരസിച്ചുകൊണ്ട് പറഞ്ഞു. "സാറേ ഇത് ആ പാവപ്പെട്ട ചിന്നപ്പന് കൊടുക്കണം. അയാൾക്ക് ഉടുതുണി ഒഴികെ സകലതും നഷ്ടപ്പെട്ടല്ലോ. "ഫോട്ടോ എടുക്കാൻ പത്രക്കാർ വരുന്നതിനു മുമ്പ് വീരരാജ് സ്ഥലം വിട്ടു.



അപകടത്തിൽ കുടുങ്ങിയ കുടുംബത്തെ സ്വന്തം ജീവൻ പോലും മറന്ന് വീരരാജ് രക്ഷപെടുത്തി. സേവനത്തിന് പ്രതിഫലമോ പ്രശംസയോ അദ്ദേഹം ആഗ്രഹിച്ചില്ല. ഇതാണ് ഏറ്റവും വലിയ ധീരത. സങ്കടങ്ങൾ സഹിക്കുന്നവരെ രക്ഷിക്കുക. അതേ സമയം ആരിൽ നിന്നും പുകഴ്ച ആഗ്രഹിക്കാതിരിക്കുക.............

Niviya John
9 A

# ഭൂമി



എന്തു മനോഹരമീ ഭൂമി കാറ്റും, മഴയും,

വെള്ളവും,

എല്ലാം ചേർന്ന ഈ ഭൂമി എത്ര മനോഹരം

എന്നിട്ടും മർത്യ, നീ എന്തിനിങ്ങനെ

നശിപ്പിക്കുന്നു ഈ ഭൂമിയെ

ഭൂമിദേവിതൻ മാറിൽ നീ പോരാടുന്നുവോ

കടലമ്മ തൻ ഓളങ്ങളിൽ പവിത്രമായ

ഈ ഭൂമി എന്തിനു നീ നശിപ്പിക്കുന്നു മർത്യാ

നീ ഓർത്തിടുക ഭൂമി ദേവി തന്നെ

നിനക്കാശ്രയം............

Pragathy s
9 G

# വായനശീലം കൊണ്ടുള്ളപ്രയോജനങ്ങൾ....

വായനാശീലം എല്ലാവരും വികസിപ്പിക്കേണ്ട ഒരു ശീലമാണ്. ഇന്നത്തെ തലമുറ വായനാശീലത്തിൽ നിന്നും വളരെ അകന്നിരിക്കുന്നു. ടെക്നോളജിയുടെ വളർച്ചയും വികസനവും അനുസരിച്ച് നമ്മുടെ ശീലങ്ങളും മാറുന്നു. ഇന്ന് പലരും പുസ്തകങ്ങൾ വായിക്കാൻ സമയം ഉണ്ടെങ്കിലും അത് ഉപയോഗിക്കാറില്ല. ടി.വിയും, കമ്പ്യൂട്ടറും, മൊബൈലും പോലെയുള്ള ഉപകരണങ്ങളുടെ മുമ്പിൽ അവരുടെ സമയം ചിലവഴിക്കുന്നു. പുസ്തകങ്ങളുടെയും വായനാശീലത്തിന്റെയും മഹത്വം ഇന്ന് ആരും കണക്കിലെടുക്കുന്നില്ല.

പുസ്തകങ്ങൾ എന്നു എല്ലാവർക്കും എപ്പോഴും വഴികാട്ടിയും ഉറ്റസുഹൃത്തും വിജ്ഞാനവെളിച്ചം പകരുന്നവയുമാണ്. വിജ്ഞാനം പകരാൻ മാത്രമല്ല ആനന്ദം പകരാനും പുസ്തകങ്ങൾ നമ്മെ സഹായിക്കുന്നു. പുസ്തകങ്ങൾ നമ്മുടെ കൂടെയുണ്ടെങ്കിൽ നമുക്ക് വിരസതയും ഒറ്റപ്പെടലുംതോന്നുകയില്ല.



എല്ലാവരും വായനയ്ക്കായി എല്ലാ ദിവസവും കുറച്ച് സമയം മാറ്റി വയ്ക്കുകയാണെങ്കിൽ അവർക്ക് അത് വളരെ ഉപയോഗപ്രദമായിരിക്കും. എല്ലാവരും പരിശ്രമിച്ചാൽ എല്ലവീടുകളിലും ഒരു ഗ്രന്ഥശാല വികസിപ്പിക്കാൻ സാധിക്കും.

"വായിച്ചാലും വളരും, വായിച്ചില്ലെങ്കിലും വളരും, വായിച്ചു വളന്നാൽ വിളയും വായിച്ചില്ലേൽ വളയും." ഈ വാചകം പ്രശസ്തകവി കുഞ്ഞുണ്ണി മാഷിന്റേതാണ്. ഈ വാചകം എല്ലാവരും മനസ്സൽ കരുതേണ്ട ഒന്നാണ്.

പുസ്തകങ്ങളിലൂടെയും, ദിനപത്രങ്ങളി–ലൂടെയും നമുക്ക് നമ്മുടെ നാടിനെ അടുത്തറിയാൻ സാധിക്കും. ഇതിന് ഗ്രന്ഥശാല നമ്മെ സഹായിക്കും. വായനാശീലം ഇല്ലാതായാൽ സംസ്കാരം നശിക്കും. അതിനാൽ എല്ലാവരും വായനാശീലം വളർത്താൻ ശ്രമിക്കണം..........

Hasna T R
9 G

# കേശുവിനെ പറ്റിച്ചേ!

ഒരു കൊല്ലപ്പണിക്കാരനായിരുന്നു കേശു. എന്തിനും ഏതിനും മറ്റുള്ളവരെ കളിയാക്കുക അവന്റെ പതിവാണ്. ഒരു ദിവസം കേശു തന്റെ ആലയിൽ പണിചെയ്തുകൊണ്ടിരിക്കുകയായിരുന്നു.

അപ്പോഴാണ് ഒരു കീറിയ ഉടുപ്പുമിട്ട് ഒരു കുട്ടി അവിടെ എത്തിയത്. രത്തൻ എന്നായിരിന്നു പേര്. രത്തൻ കേശു പണിയെടുക്കുന്നതും നോക്കി നിന്നു. ഇവനെ ഒന്നു പേടിപ്പിച്ചാലോ? കേശു വിചാരിച്ചു. അയാൾ താൻ ചുട്ടു പഴുപ്പിച്ചു കൊണ്ടിരുന്ന ഇരുമ്പ് കമ്പിയെടുത്ത് രത്തന്റെ നേരെ നീട്ടി. എന്നാൽ രത്തനും മോശക്കാരനായിരുന്നില്ല. അവൻ



പറഞ്ഞു: *"അഞ്ചു രൂപ തരികയാണെങ്കിൽ ഞാൻ വെറുംകയ്യിൽ പിടിക്കാം"!*

ഇതു കേട്ടപ്പോൾ കേശു ഞെട്ടിപ്പോയി. പഴുത്ത ഇരുമ്പ് കമ്പി ഈ കൊച്ചുപയ്യൻ വെറും കയ്യിൽ പിടിക്കുമെന്നോ? എന്നാൽ അതൊന്നു കണ്ടിട്ടു തന്നെ കാര്യം!. കേശു ഒന്നുമാലോചിക്കാതെ അഞ്ചു രൂപയെടുത്ത് രത്തന് കൊടുത്തു. കേശു കൊടുത്ത രൂപയെടുത്ത് അവൻ കയ്യിൽ പിടിച്ചു.

*"ദാ!........ഇനി കമ്പി പിടിച്ചേ! കേശു പറഞ്ഞു"*

*"കമ്പി പിടിക്കാനോ.....? ഞാൻ പറഞ്ഞത് അഞ്ചു രൂപ തന്നാൽ വെറും കയ്യിൽ പിടിക്കാമെന്നല്ലേ?. ഇതാ അഞ്ചു രൂപ വെറും കയ്യിൽ തന്നെയാണ് പിടിച്ചിരിക്കുന്നത്.....". രത്തൻ മറുപടി നൽകി.* തനിക്ക് പറ്റിയ അമളി ഓർത്ത് കേശു നാണിച്ചു തലതാഴ്ത്തി.

Devika Nair
9 G

# കൊക്കിൽ ഒന്നാമൻ

**ലോകത്തിലെ ഏറ്റവും വലിയ കൊക്ക് ഏത് പക്ഷിയുടെതാണ് എന്നറിയാമോ? ഓസ്ട്രേലിയൻ പെലിക്കണിന്റേത്. ഏകദേശം 50 സെന്റിമീറ്റർ നീളമുണ്ടാകും. ഓസ്ട്രേലിയൻ പെലിക്കണിന്റെ കൊക്കിന്.**

# വിരഹം

വിരഹം ഒരു വർഷകാലത്തിന്റെ
ശിഷ്ടമാണ് ചോര വാർന്ന
മഞ്ഞ മുഖത്തിന്റെ
ശേഷിപ്പാണ് പിഴുതെറിയപ്പെട്ട്
പറന്നുയർന്ന് സൂര്യനോളമെത്തി

കരിഞ്ഞുണങ്ങി തകരലാണ്
ഋതുഭേതമറിയാതെത്തിയ
വിഷുപക്ഷിയ്ക്ക് വിളമ്പിയ
കർക്കിടകക്കഞ്ഞിയാണ് പകരാതെ
കാത്തുവച്ച പാനപാത്രം
മറിഞ്ഞുപോകലാണ്

*Ghaliya parveen*
*8 B*

# പഴം കിട്ടിയോ ?

നല്ല വിശപ്പ്....................... തീവണ്ടി നിന്നപ്പോൾ ദാമോദരൻ മാഷ് പ്ലാറ്റ്ഫോമിൽ ഇറങ്ങി. അവിടെ നിന്ന ഒരു കുട്ടിയെ മാഷ് കൈകൊട്ടി വിളിച്ചു. കുട്ടി ഓടി വന്നു. 20 രൂപ കുട്ടിക്കു കൊടുത്തിട്ടു മാഷ് പറഞ്ഞു. "മോനേ, ആ സ്റ്റാളിൽ നിന്ന് രണ്ട് നേന്ത്രപ്പഴം വാങ്ങിത്തരാമോ?... ഒന്നു മോനെടുത്തോ. ഒന്ന് അപ്പുപ്പനും." കുട്ടി രൂപ വാങ്ങി പോയി. പക്ഷേ, വണ്ടി പോകാറായിട്ടും അവൻ തിരികെ വന്നില്ല.

"നിങ്ങൾ കാണിച്ചതു മണ്ടത്തരമല്ലേ.........! അവൻ രൂപയുമായി മുങ്ങി......!" യാത്രക്കാർ മാഷിനോട് പറഞ്ഞു. "അവൻ വരും................" മാഷ് സമാധാനിച്ചു. അപ്പോഴതാ കുട്ടി വരുന്നു... മാഷിന്റെ മുഖം തെളിഞ്ഞു. "കണ്ടില്ലേ.... വലിയവരെപ്പോലെയല്ല. കുട്ടികൾ നിഷ്കളങ്കരാണ്." മാഷ് പറഞ്ഞു. "പക്ഷേ നിഷ്കളങ്കത ചിലപ്പോൾ നമ്മെ കുഴപ്പിക്കും!................" ഒരു യാത്രക്കാരൻ പറഞ്ഞു.

കുട്ടി ഓടിവന്ന് പത്തു രൂപയുടെ നോട്ട് മാഷിന്റെ കൈയിൽ വച്ചു. "പഴം....!! ... പഴമെവിടെ? " മാഷ് ചോദിച്ചു. കുട്ടി പറഞ്ഞു." അപ്പൂപ്പാ ഒരു പഴമേ കിട്ടിയുള്ളൂ. എന്റെ പങ്ക് ഞാനെടുത്തു. ഇതാ അപ്പൂപ്പന്റെ ബാക്കി പൈസ!."



# ഞാനുണ്ടേ....

പാടം നിറയെപ്പുല്ലുണ്ടേ
പുല്ലു പറിക്കാൻ പെണ്ണുണ്ടേ
പെണ്ണിനു പുള്ളിപ്പയ്യുണ്ടേ




പയ്യിനു നിറയെപ്പാലുണ്ടേ
പാലു കറക്കാനാളുണ്ടേ
പാലു കുടിക്കാൻ ഞാനുണ്ടേ....

# ആരുജയിച്ചു ?

അച്ചുക്കോഴിക്കുഞ്ഞും കിച്ചു– ക്കോഴിക്കുഞ്ഞും മഹാ വഴക്കാളികളാണ്. ഇങ്ങനെ വഴക്കുണ്ടാക്കരുതെന്ന് അമ്മക്കോഴി എത്ര പറഞ്ഞാലും അവരുണ്ടോ കേൾക്കുന്നു.

ഒരു ദിവസം അച്ചുക്കോഴിക്ക് ഒരു മണ്ണിരയെ കിട്ടി. അവൻ അതുമായി ഓട്ടം തുടങ്ങി. പിന്നാലെ കിച്ചുവും ഓടിച്ചെന്നു.

*" ഇതിനെ എനിക്കു വേണം "*. അച്ചു പറഞ്ഞു. *"പറ്റില്ല... ഞാനാണ് ആദ്യം കണ്ടത്.....* കിച്ചുവും വിട്ടു കൊടുത്തില്ല, അവർ മണ്ണിരയുടെ രണ്ടറ്റത്തും കൊത്തിവലിക്കാൻ തുടങ്ങി. "കീയോ........കീയോ.... വിടില്ല ഞാൻ.......".



ഠിൻ! മണ്ണിര പൊട്ടി രണ്ട് കഷ്ണമായി. കോഴിക്കുഞ്ഞുങ്ങൾ മണ്ണിൽ മലർന്നടിച്ചു വീണു.

"കീയോ............ കീയോ...... " അവർ അവിടെ കിടന്ന് ഉറക്കെ കരച്ചിലായി. മറ്റു കോഴിക്കുഞ്ഞുങ്ങൾ ഇതുകേട്ട് ഓടി വന്നു. നിലത്തു വീണ മണ്ണിരക്കഷ്ണങ്ങൾ രണ്ടും കൊത്തിക്കൊണ്ട് അവർ ഓടിപ്പോയി.

"കൊക്കരക്കോ......" അമ്മക്കോഴി ഓടി വന്നു. എഴുന്നേറ്റു നിന്ന് കീയോം...,കീയോം...... കരയുന്ന അച്ചുവും കിച്ചുവും.

# അദ്ധ്വാനത്തിന്റെ ഫലം

ഒരിടത്തൊരിടത്ത് ഒരു മൈനയും ഒരു കാക്കയും ഉണ്ടായിരുന്നു. കഠിനമായി ജോലി ചെയ്യുന്നവളായിരുന്നു മൈന. എന്നാൽ കാക്കയാകട്ടെ അലസയും സൂത്രക്കാരിയുമായിരുന്നു.



മൈന കഠിനമായി ജോലി ചെയ്യുമ്പോൾ കാക്ക സുഖമായി കൂട്ടിലിരിക്കും. എന്നിട്ട് മൈന കൊണ്ടുവരുന്ന ആഹാരം സൂത്രത്തിൽ തട്ടിയെടുത്ത് കഴിക്കും. ഇതായിരുന്നു കാക്കയുടെ പണി.

ഇതെല്ലാം കണ്ടുകൊണ്ട് തൊട്ടടുത്ത മരത്തിന്റെ കൊമ്പിൽ ഒരു അണ്ണാൻ താമസിച്ചിരുന്നു. അവൻ കാക്കയുടെ കൗശലവും തട്ടിപ്പുമെല്ലാം മൈനയെ അറിയിച്ചു. ഇതൊക്കെ കേട്ടതോടെ മൈനയ്ക്ക് കാക്കയുടെ സ്വഭാവം മനസ്സിലായി.




അടുത്ത വർഷം കൊയ്ത്തു-കാലമായി. ധാന്യം സൂത്രത്തിൽ തട്ടിയെടുക്കുവാൻ വന്ന കാക്കയെ അണ്ണാനും മൈനയും ചേർന്ന് പിടികൂടി. അതിനുശേഷം പറഞ്ഞു ***"അദ്ധ്വാനി-ക്കുന്നവന് മാത്രമേ വിളവിന് അർഹതയുള്ളു. അല്ലാത്തവന് അതിൽ പങ്കില്ല".*** ഇത് കേട്ടതും കാക്ക ഇളിഭ്യനായി പറന്നുപോയി.

Stephy Stephen

9A

# ഒറ്റ ശ്വാസത്തിൽ പാടാമോ..?



പൊടിപൊടിയാക്കി

വടിവടിയാക്കി

വടി വടി പിന്നെ

        പൊടിപൊടിയാക്കി

കടലക്കറിയിതി-

        ലുഴുതുമറിച്ചൊരു

കുഴകുഴയാക്കി

        തെരുതെരെ വെട്ടി

വിഴുങ്ങീട്ടവരുടെ

        പെരുവയർ പൊന്തി

വരുന്നതു കണ്ടോ

        കരിമലപോലെ!

# ഓഫർ



ഉത്സവത്തിന്റെ തിരക്കിനിടയിൽ ഗോമുവിന്റെ മൊബൈൽ ഫോൺ കളഞ്ഞുപോയി.


"എന്റെ മുപ്പതിനായിരം രൂപയുടെ മൊബൈൽ ഫോൺ കളഞ്ഞു പോയി. കിട്ടിയവർ അതു തിരികെ തന്നാൽ ഞാൻ ആയിരം രൂപ തരാം. " ഗോമു മൈക്കിലൂടെ വിളിച്ചുപറഞ്ഞു.

പെട്ടെന്ന് മണ്ടൻ മാത്തൻ ഓടിവന്നിട്ടു പറഞ്ഞു. " മൊബൈൽ കിട്ടിയിട്ടുണ്ട്. പക്ഷേ ഉടനെ തരില്ല...". അതെന്താ?' ഗോമു ചോദിച്ചു. മാത്തന്റെ മറുപടി പെട്ടന്നായിരുന്നു.



"ഇപ്പോൾ ആയിരം രൂപയല്ലേ ആയിട്ടുള്ളൂ. ഓഫർ ഇനിയും ഉയരുമോ എന്നു നോക്കട്ടെ....."

# സ്വപ്ന ലോകം



അറിവിന്റെ ജാലകം തുറക്കപ്പെടുന്നു
എൻ മുൻപിലായ് എൻ സ്വപ്ന ലോകം
ആദ്യാക്ഷരം കുറിയ്ക്കവെ മനസ്സിൽ
ആനന്ദമഴയായ് എൻ സ്വപ്ന ലോകം

കൂട്ടുകൂടാനായ് എത്തുന്നു മിത്രങ്ങൾ
കൂട്ടുതുറന്നു വിട്ട കിളികളെപ്പോൽ
നിറയെ നന്മയും അറിവും പകർന്നും.
അധ്യാപകരുമായി സല്ലപിക്കാൻ

അറിവിൻ തിരികൾ കത്തിക്കാൻ
വരിക നീ സ്വപ്നമാം സ്വർഗ്ഗമാം
നിറങ്ങൾ ചാർത്താൻ
വിദ്യാലയത്തിലേക്ക്.

# അന്ധവിശ്വാസം

ഒരു ഗ്രാമത്തിൽ രാമു എന്ന ഒരു അന്ധവിശ്വാസി ജീവിച്ചിരുന്നു. എവിടേക്കെങ്കിലും പോകുമ്പോൾ ഒരു പൂച്ച കുറുകെ ചാടിയാൽ അത് വലിയ ദോഷമാണെന്ന് അയാൾ വിശ്വസിച്ചിരുന്നു.



ഒരിക്കൽ ആ നാട്ടിൽ ജ്ഞാനിയായ ഒരു ഗുരു എത്തി. രാമു അദ്ദേഹത്തെ ചെന്നു കണ്ടു ചോദിച്ചു. ഗുരോ, വരുന്ന വഴി ഒരു പൂച്ച എന്റെ കൺമുന്നിലൂടെ കുറുകെ ചാടി. ദോഷം മാറ്റാൻ ഞാൻ എന്താണ് ചെയ്യേണ്ടത്?

ഗുരു മറുപടി പറഞ്ഞു. ദോഷം മാറ്റാൻ ഒന്നും ചെയ്യേണ്ട. പൂച്ചയും, മനുഷ്യനും ഈശ്വരസൃഷ്ടിയാണ്. ഈശ്വരൻ ദോഷകരമായി ഒന്നും സൃഷ്ടിച്ചിട്ടില്ല. ദോഷം നിങ്ങളുടെ മനസ്സിലാണ്. രാമുവിന് തന്റെ തെറ്റ് മനസ്സിലായി.

# വില്ലൻ പ്ലാസ്റ്റിക്

ബാക്ടീരിയ, യീസ്റ്റ് മുതലായ സൂക്ഷ്മജീവികൾ തിന്നു തീർക്കുന്നതു–കൊണ്ടാണല്ലോ വസ്തുക്കൾ ജീർ–ണ്ണിക്കുന്നത്. എന്നാൽ പ്ലാസ്റ്റിക്കിന്റെ മുമ്പിൽ ഈ കേമന്മാർ തോറ്റു തുന്നമ്പാടും.

മറ്റു പദാർത്ഥങ്ങൾ പോലെ പ്ലാസ്റ്റിക് തിന്നു ദഹിപ്പിക്കാൻ ഇവർക്കു പറ്റില്ല. അതിനാൽ പ്ലാസ്റ്റിക് വസ്തുക്കൾ അനേക കാലം ജീർണ്ണിക്കാതെ നിലനില്ക്കും. ഇന്ന്പരിസ്ഥിതിക്കുള്ള ഏറ്റവും വലിയ ഭീഷണികളലൊന്നു കൂടിയാണിത്.



ഭൂമിയിലെ മറ്റെല്ലാ വസ്തുക്ക–ളെയുംപോലെ പ്രകൃതിയിൽ അലി–ഞ്ഞുചേരില്ല എന്നതാണു പ്ലാസ്റ്റി–ക്കിന്റെ ഏറ്റവും വലിയ ദോഷം. നാം ഇന്ന് വലിച്ചെറിയുന്ന പ്ലാസ്റ്റിക് അവശിഷ്ടങ്ങളൊക്കെ നൂറു നൂറു വർഷങ്ങൾ കഴിഞ്ഞാലും ജീർണ്ണി–ക്കാതെ മണ്ണിൽ കിടക്കും.

# കുട്ടിയെ അറിയുക



മത്സരാധിഷ്ഠിതമായ ഈ കാലത്ത് നാം കരുതുന്നതിലും എത്രയോ മടങ്ങ് ആശങ്കാജനകമാണ് പുതുതലമുറയുടെ ജീവിതം.

നമുക്കു ചിന്തിക്കാനാവാത്തത്ര സമ്മർദ്ദങ്ങളും പ്രലോഭനങ്ങളുമാണ് കുട്ടികൾക്കു ചുറ്റിലും. കുഞ്ഞു-മനസ്സിലേയ്ക്ക് വെളിച്ചത്തിന്റെ വാതിലു-കൾ തുറന്നുവയ്ക്കാനുള്ള ദൗത്യം രക്ഷിതാക്കളുടേതു കൂടിയാണ്.

ഈ കുഞ്ഞുപൂക്കൾ വാടാതിരിക്കാൻ ഇത്തിരി കരുതൽ....... തളർന്നു തുടങ്ങുമ്പോൾ സാന്ത്വനത്തിന്റെയും വിശ്വാസത്തിന്റെയും കൈത്താങ്ങ്...... സമയോചിതമായ ഇടപെടൽ..... കുട്ടികളെ ആത്മാഭിമാനമുള്ളവ-രാക്കാനും പ്രലോഭനങ്ങളിലകപ്പെ-ടാതിരിക്കാൻ സഹായിക്കാനും രക്ഷി-താക്കൾക്കു കഴിയണം.

# സിംഹത്തോൽ അണിഞ്ഞ കഴുത



ഒരു കച്ചവടക്കാരന് ഒരു കഴുതയുണ്ടായിരുന്നു. കഴുതപ്പുറത്താണ് അയാൾ കച്ചവട സാധനങ്ങൾ കൊണ്ടുപോയിരുന്നത്. കച്ചവടക്കാരൻ സാധനങ്ങൾ ചന്തയിൽ വിറ്റ് മടങ്ങിവരുമ്പോൾ സിംഹത്തോലെടുത്ത് കഴുതയെ പുതപ്പിക്കും. എന്നിട്ട് കഴുതയെ അടുത്തുള്ള വയലിലേക്ക് വിടും. കഴുത വിളകൾ തിന്ന് വയറു നിറയ്ക്കും. ഇതായിരുന്നു പതിവ്. ദൂരെ നിന്ന് കാണുന്നവരാകട്ടെ സിംഹമാണെന്ന് കരുതി അങ്ങോട്ട് വരാറില്ല.

ഒരിക്കൽ കഴുത നെല്ല് തിന്നുകൊണ്ടിരുന്നപ്പോൾ ഒരു കൃഷിക്കാരൻ ആ വഴി വന്നു. അയാൾ തൊട്ടു മുന്നിലെത്തിയപ്പോഴാണ് സിംഹത്തോലിട്ട കഴുതയെ കണ്ടത്. അയാൾ പേടിച്ച് നിലവിളിച്ചു.



കൃഷിക്കാരന്റെ നിലവിളി കേട്ട് ഓടിയെത്തിയവരെ കണ്ട് പേടിച്ച് കഴുത ഉറക്കെ കരഞ്ഞു. " ബേ..... ബേ.... "കാര്യം മനസ്സിലായ ആളുകൾ കഴുതയെ പൊതിരെ തല്ലി.

# നിറകണ്ണുകളോടെ മാപ്പ്


മുത്തശ്ശി മാവിന്റെ ചുവട്ടിൽ നിന്ന മണിക്കുറുകൾ, ക്ലാസ് മുറിയിലും വരാന്തയിലും വീണ്ടടയുന്ന പൊട്ടിച്ചിരികൾ!.. കുറെ വർഷങ്ങളായി ഒന്നിച്ച കളിച്ച വളർന്ന കളിക്കൂട്ടുകാർ.......



സ്നേഹത്തിന്റെ വിദ്യയുടെയും ആൽമരംപോലെ തണൽവിരിച്ച നില്ക്കുന്ന ഈ സെന്റ്മേരീസ് സ്കൂളിൽ നിന്ന് വിട്ടുപോകാൻ മനസ്സനുവദിക്കുന്നില്ല.

സെന്റ്മേരീസിന്റെ കിരീടത്തിൽ ഒരു പൊൻതൂവലാകാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. മുള്ളുകൾക്കിടയിൽ നിന്നും തിളങ്ങുന്ന മുത്തുകൾ വാരാൻ സഹായിച്ച അദ്ധ്യാപകരെ ഞങ്ങൾക്ക് മറക്കുവാനാകുന്നില്ല.....

അറിയാതെയും, അറിഞ്ഞു കൊണ്ടും ഞങ്ങൾ ചെയ്തു തെറ്റുകൾക്ക് നിറകണ്ണുകളോടെ മാപ്പ്.................!!!!



# വരകൾ വർണ്ണങ്ങൾ





SHEBANA. K (VII. F)





AISHA. S (VI. E)







NAVANEETHA. A (V. D)



SAYOOJIA. B (VI. E)



DHANASREE S (IX. G)





NEHRA. S (VIII. B)



ANUSREEHARI (V. D)


SAYOOJYA. B (VI.E)


APARNA. J (V. C)


HARICHANDANA J (VIII. B)


ANUGHA RAJU (V. D)


ANAGHA RAJU (V. D)



ALEENA MARIYAM RAJU (VI. A)


AVANI S (IV. E)


NANDANA S ANILKUMAR (V. E)


ATHIRA KRISHNA J (VIII. B)


ADITHYA RAJAN (VI. A)


LAVANYA J. P (VI. A)


ANIT SARA MANOJ (VIII. B)


ANIT SARA MANOJ (VIII. B)



ANUGRAHA RAJESH (VI. C)



ANAGHA RAJU (V D)



NANDANA S ANILKUMAR (V E)



DEVIKA PRADEEP (V D)



DEVAPRIYA. R (VIII. B)



DEVAPRIYA. R (VIII. B)



DEVAPRIYA. R (VIII. B)



NISLY SIYAN (V C)





AKSHATA ANNA JOSEPH (VI. E)




ADITHYA LEKSHMI D (VI. B)



JAVAHARA MUJEEB (V. A)



ALEENA M,ARIYAM RAJU (VI. A)



MIRSA HUSSAIN (V. B)

# നന്ദി



ഈ ഡിജിറ്റൽ മാഗസിൻ യാഥാർത്ഥ്യമാക്കിയ കായംകുളം സെന്റ് മേരീസ് സ്കൂളിലെ എല്ലാ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളോടും, ഞങ്ങൾക്ക് മാർഗനിർദേശങ്ങൾ നൽകിയ ബഹു. ഹെഡ് മിസ്ട്രസ്സ് റവ. സിസ്റ്റർ പൂർണ്ണിമ, മോളി ടീച്ചർ, ജെസി ജോൺ ടീച്ചർ, ബിൻസി ടീച്ചർ, മറ്റെല്ലാവരോടുമുള്ള നന്ദി അറിയിക്കുന്നു............

**നിവിയ ജോൺ**
എഡിറ്റർ

Thank You...